LIBRARY ARCHIVES Kerala Legislative Assembly

പാൽ ഉത്പാദനം വർദ്ധിപ്പിക്കുവാൻ പദ്ധതി

51 (3335) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പാൽ ഉത്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് വികസന പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ക്ഷീരകർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുകയും, ശാസ്ത്രീയ പശുപരിപാലന രീതികളെക്കുറിച്ച് കർഷകരെ ബോധവാന്മാരാക്കുകയും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുകയുമാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം.

(സി) സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി പാലുല്പാദനത്തിൽ വർദ്ധനവുണ്ടാക്കുകയും ലക്ഷ്യമിട്ട് 2, 5, 10 പശുക്കൾ അടങ്ങുന്ന ഡെയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, ആരോഗ്യവും അത്യുല്പാദന ശേഷിയുള്ളതുമായ കാലികളെ വളർത്തിയെടുക്കുന്നതിനായി കിടാരി യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സബ്സിഡി, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണത്തിനും, പുനരുദ്ധാരണത്തിനുമുള്ള ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ കർഷകർക്ക് ലഭ്യമാക്കുന്നു. സംസ്ഥാനത്തെ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയുടെ ഭാഗമായും നടപ്പുവർഷം മിൽക്ക് ഷെഡ് വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നു.

(ഡി) നടപ്പുവർഷം തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ സമഗ്ര ക്ഷീരവികസന പദ്ധതി നടപ്പാക്കുന്നതിനുള്ള 700 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2,588 ലക്ഷം രൂപയുടെ പദ്ധതിയാണ് വകുപ്പ് തയ്യാറാക്കി നടപ്പിലാക്കുന്നത്. തുടർ പദ്ധതിയായി നടപ്പാക്കാവുന്ന ഘടകങ്ങൾക്ക് അനുമതി ലഭിച്ചതിനെത്തുടർന്ന് ആയത് സംബന്ധമായി ജില്ലകൾക്ക് ടാർജറ്റും, ഫണ്ടും അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ എറണാകുളം ജില്ലയിൽ കുന്നുകര ക്ഷീരഗ്രാമം എന്ന പദ്ധതിക്ക് ഈ വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പാലിന്റെ ഗുണനിലവാരം

52 (3336) ശ്രീ. പി. കെ. ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാൽ, പാലുല്പന്നങ്ങൾ ഇവയുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത് വ്യക്തമാക്കുമോ ;

(ബി) കേരളത്തിൽ വിൽക്കപ്പെടുന്ന പ്രസ്തുത ഉല്പന്നങ്ങളിൽ ഏതെല്ലാം കമ്പനികളുടേതാണ് ഗുണനിലവാര പരിശോധനകളിൽ മോശമാണെന്ന് കണ്ടെത്തിയിട്ടുള്ളത് ; കമ്പനികളുടെ പേര് അടക്കം വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന അന്യസംസ്ഥാന പാലും, പാലുല്പന്നങ്ങളും ഗുണനിലവാരമില്ലാത്തതാണെന്നും വിഷാംശം, കീടനാശിനി, മറ്റ് മായങ്ങൾ എന്നിവ അടങ്ങിയതാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ഉല്പന്നങ്ങളുടെ വില്പന നടത്തുന്ന ഏജൻസികൾക്ക് ലൈസൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുവാൻ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് സ്റ്റേറ്റ് ഡെയറി ലാബ്, പാലക്കാട് ആലത്തൂർ ഡെയറി ലാബ്, കൂടാതെ ജില്ലാ തലത്തിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിലുണ്ട്. ഫുഡ്

LIBRARY ARCHIVES Kerala Legislative Assembly